(ബി) എങ്കിൽ എവിടെയെല്ലാമാണ്;

(സി) ഇതിനുള്ള കാരണം വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എറണാകുളം ജില്ലയിൽ പെരിയാർ നദിയിലും, ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം, വാരനാട്, കട്ടച്ചിറ ഭാഗങ്ങളിലെ ജലാശയങ്ങളിലും കട്ടച്ചിറ പാലത്തിന് കിഴക്ക് ഇടത്തോട്ടിലും വേമ്പനാട്ടുകായലിന്റെ തീരത്തും.

(സി) ജല മലിനീകരണവും പരിസ്ഥിതി പ്രശ്നങ്ങളുമാണ് കാരണം.

മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വർക്കുഷോപ്പുകൾ

81 [3668] ശ്രീ. വർക്കല കഹാർ:

,, എൻ. ഡി. അപ്പച്ചൻ:

,, കെ. ബാബു:

,, അടൂർ പ്രകാശ്:

,, ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യബന്ധന വ്യവസായവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എത്ര ചെമ്മീൻ കമ്പനികൾ, ഐസ് പ്ളാന്റുകൾ, പീലിംഗ് ഷെഡുകൾ, വർക്കുഷോപ്പുകൾ എന്നിവയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ എത്രയെണ്ണം വീതം പൂട്ടിക്കിടക്കുന്നു; ഇവ പൂട്ടിയിടുവാനുള്ള കാരണങ്ങൾ എന്തെല്ലാം ആണെന്നും ഇവപൂട്ടിയതുമൂലം എത്ര പേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ) മൊത്തം 695 യൂണിറ്റുകൾ.

(ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly